# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

എം.എഡ് റെഗുലേഷൻ 2015 പാസ്സ് മിനിമം സംബന്ധിച്ച വിഷയത്തിൽ ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷന്റെ ശിപാർശ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക് എ XII സെക്ഷൻ

സ.ഉ.നം.145/3/AcAXII/M.Ed/Reappearance/2019 തീയതി, പി.ഡി.ഹിൽസ് 06.01.2020

---

പരാമർശം: 1) സർവകലാശാലാ ഉത്തരവ് നം. 3554/എസി.എ12/1/എം.എഡ് ഗ്രേഡിംഗ്/2017 തീയതി 19.04.18.

2) ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ 18/12/2019 ൽ നൽകിയ കത്ത്.

## ഉത്തരവ്

എം.എഡ് റെഗുലേഷൻ 2015 പ്രകാരം എം.എഡ് പ്രോഗ്രാം പാസ്സാവുന്നതിന് (തിയറി, ഇന്റേൺഷിപ്പ്, ഡിസർട്ടേഷൻ, വൈവ വോസി എന്നിവയെല്ലാം ഉൾപ്പെടെ) കുറഞ്ഞത് 50% മാർക്ക് നേടിയിരിക്കണമെന്നും ഓരോ കോഴ്സ് പാസ്സാകുന്നതിന് കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കമെന്നും ഒരു തിയറി പേപ്പർ/ പേപ്പറുകൾ പാസ്സാവുന്നതിനാവശ്യമായ ഏറ്റവും കുറഞ്ഞ ശതമാനം മാർക്ക് നേടാത്ത വിദ്യാർത്ഥികൾ ആ പ്രത്യേക പേപ്പർ/പേപ്പറുകൾ മാത്രം റീ അപ്പിയർ ചെയ്ത് ഓരോ പേപ്പറിനും കുറഞ്ഞത് 50% മാർക്ക് നേടുകയും വേണമെന്നും നിഷ്കർഷിച്ചിരിക്കുന്നു.

പരാമർശം (1) പ്രകാരം ഓരോ കോഴ്സിനും 40% മാർക്കെങ്കിലും (ഇ ഗ്രേഡ്) നേടുന്ന വിദ്യാർത്ഥികൾ (ഇന്റേൺഷിപ്പ്, ഡിസർട്ടേഷൻ, വൈവ വോസി എന്നിവയുൾപ്പെടെ) സെമസ്റ്റർ പാസ്സാകുന്നതിന് 50% മാർക്ക് (ഡി ഗ്രേഡ്) നേടേണ്ടതാണ്.

എന്നാൽ ഓരോ പേപ്പറിനും 40% മാർക്ക് ലഭിച്ചിട്ടും സെമസ്റ്റർ പാസ്സാകുന്നതിന് ആവശ്യമായ 50% മാർക്ക് ലഭിക്കാതെ വന്നാൽ ഏതെങ്കിലും ഒരു പേപ്പർ/പേപ്പറുകൾ വീണ്ടും എഴുതാവുന്നതാണോ എന്ന വിഷയം റെഗുലേഷനിൽ പരാമർശിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത വിഷയത്തിൽ ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷന്റെ വിദഗ്ധാഭിപ്രായം തേടുകയുണ്ടായി. ഓരോ തിയറി കോഴ്സുകൾക്കും 40% മാർക്ക് (പാസ്സ് മാർക്ക്) ലഭിച്ചിട്ടും (ഇന്റേൺഷിപ്പ്, ഡിസർട്ടേഷൻ, വൈവ വോസി എന്നിവയുൾപ്പെടെ) സെമസ്റ്റർ പാസ്സാകുന്നതിന് ആവശ്യമായ

50% മാർക്ക് ലഭിക്കാതെ വന്നാൽ, 50% ത്തിൽ താഴെ മാർക്ക് നേടിയിട്ടുള്ള തിയറി കോഴ്സുകൾ മാത്രം വീണ്ടും എഴുതാവുന്നതാണെന്ന് **പരാമർശം(2) പ്രകാരം ശിപാർശ ചെയ്യുകയും, പ്രസ്തുത ശിപാർശ** മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമം 1985, അധ്യായം III വകുപ്പ് 10(17) പ്രകാരം വൈസ് ചാൻസിലർ **അംഗീകരിക്കുകയും ചെയ്തു.**

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ജോണി കെ എബ്രഹാം
അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാദമിക്- III)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്:

1. വി.സി , പി.വി.സി എന്നിവരുടെ പി.എസ് മാർ
2. രജിസ്ട്രാർ/എഫ്.ഒ എന്നിവരുടെ പി.എ മാർ
3. AR III/ /DR II (Acad)
4. JR II(Admn)/ JR (Exam)
5. ഡീൻ, ഫാക്കൽറ്റി ഓഫ് എഡ്യൂക്കേഷൻ
6. EI V, EI VI, EI XXVI Sections
7. എ സി സി II/ എ സി എൽ സെക്ഷനുകൾ
8. Records, Content Management Sections
9. എസ്.എഫ്/എഫ്.സി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ